പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 6142 — 28-10-2011 -ൽ മറുപടിക്ക്.

**ഭവനവായ്പ ഈടായി വാങ്ങിയിട്ടുള്ള പ്രമാണങ്ങൾ തിരികെ ലഭിക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ. | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഭവനവായ്പയായി സർക്കാർ നടപ്പാക്കിയിരുന്ന എൽ.ഐ.ജി.എച്ച്, എം.ഐ.ജി.എച്ച് വിഭാഗങ്ങളിൽ ഇനിയും തിരിച്ചടവ് പൂർത്തിയാക്കാൻ എത്ര കേസുകൾ അവശേഷിക്കുന്നുണ്ടെന്ന് പറയാമോ; | (എ) | എൽ.ഐ.ജി.എച്ച്., എം.ഐ.ജി.എച്ച്., ഭവന പദ്ധതികൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പാക്കിയ ഭവനപദ്ധതികൾ അല്ല. എന്നാൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പാക്കിയ എൽ.ഐ.ജി., എം.ഐ.ജി. ഭവനപദ്ധതികളിൽ ഇനിയും തിരിച്ചടവ് പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ മാർച്ച് 2011 വരെയുള്ള കണക്ക് ചുവടെ ചേർക്കുന്നു:<br>എൽ.ഐ.ജി. - 4924.<br>എം.ഐ.ജി. - 2997. |
| (ബി) | പ്രസ്തുത കേസുകളിൽ മൊത്തം എത്ര രൂപ സർക്കാരിലേക്ക് ലഭിക്കാനുണ്ടെന്നു വ്യക്തമാക്കാമോ; | (ബി) | മാർച്ച് 2011 ലെ കണക്കുകൾ പ്രകാരം മേൽ വായ്പകളിൽ നിന്നും ഏകദേശം 244.23 കോടി രൂപ മുതൽ, പലിശ എന്നീ ഇനങ്ങളിലായി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്. |
| (സി) | പ്രസ്തുത ഇനത്തിൽപ്പെട്ട കേസുകളിൽ വായ്പയെടുത്ത കക്ഷികളിൽ നിന്നും ഈടായി വാങ്ങിയിട്ടുള്ള പ്രമാണങ്ങൾ അവർക്ക് തിരികെ ലഭിക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ; | (സി) | വായ്പാ തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് വായ്പയുടെ ഈടിനായി ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള ആധാരം മടക്കി നൽകുന്നതിനായി പണയാധാരത്തിന്റെ ഒഴിമുറി നൽകുകയും ഒഴിമുറി സബ് രജിസ്ട്രാർ ഓഫീസ് മുഖേന പതിച്ച് ഹാജരാക്കുന്ന മുറയ്ക്ക് ടി ആധാരവും മറ്റ് രേഖകളും മടക്കി നൽകുകയും ചെയ്യുന്നു. |
| (ഡി) | എൽ.ഐ.ജി.എച്ച്., എം.ഐ.ജി.എച്ച് കേസുകളിൽ എത്ര വർഷങ്ങൾ കൊണ്ടാണ് തിരിച്ചടവ് തീരുന്നതെന്ന് പറയാമോ; | (ഡി) | പരമാവധി വായ്പാ തിരിച്ചടവ് കാലാവധി 108 മാസം മുതൽ 168 പ്രതിമാസ തവണകളായിട്ടാണ് തിരിച്ചടവ് പൂർത്തിയാക്കേണ്ടത്. |
| (ഇ) | ഇത്രയും നീണ്ട കാലയളവ് കഴിയുമ്പോൾ പണമടച്ച രസീതുകളും ചെല്ലാനുകളും മറ്റും നഷ്ടപ്പെടാനുള്ള സാധ്യത പരിഗണിച്ച് പൂർണ്ണമായി പണമടച്ച കേസുകളിൽ തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രമാണങ്ങൾ കക്ഷികൾക്ക് മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ബോർഡിലെ തിരിച്ചടവ് കണക്കുകൾ ഇതിനകം കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. കൂടാതെ കാഷ് ബുക്കും തിരിച്ചടവ് രജിസ്റ്ററുകളും എല്ലാ ഓഫീസുകളിലും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആകയാൽ ഗുണഭോക്താവിന്റെ തിരിച്ചടവ് വിവരങ്ങൾ ബോർഡിൽ നിന്നും നഷ്ടപ്പെടുവാനുള്ള സാധ്യതകൾ നന്നേ വിരളമാണ്. ആയതിനാൽ തഹസിൽദാരുടെ റിപ്പോർട്ടിന്റെ ആവശ്യകത ഉള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ